**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 792** **28-01-2026 - ൽ മറുപടിയ്ക്ക്**

**കണ്ടള സർവ്വീസ് സഹകരണ ബാങ്കിന്റെ പുനരുജ്ജീവനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ഐ. ബി. സതീഷ്** | | **ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി)** | |
| (എ) | കണ്ടള സർവ്വീസ് സഹകരണ ബാങ്കിന്റെ പുനരുജ്ജീവനത്തിനും നിക്ഷേപകരെ സഹായിക്കുന്നതിനും സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങളും നിലവിലെ സ്ഥിതിയും വിശദമാക്കാമോ? | (എ) | കണ്ടല സർവ്വീസ് സഹകരണ ബാങ്കിലെ പ്രസിഡന്റും ഭരണസമിതി അംഗങ്ങളും രാജി വച്ചതിനെ തുടർന്ന് ഉണ്ടായ ഭരണസ്തംഭനം ഒഴിവാക്കുന്നതിനായി തിരുവനന്തപുരം ജോയിന്റ് രജിസ്ട്രാർ (ജനറൽ) ന്റെ 26.08.2023 ലെ സി.ആർ.പി (1) 7788/2017 നമ്പർ ഉത്തരവ് പ്രകാരം കണ്ടല സർവ്വീസ് സഹകരണ ബാങ്കിൽ പാർട്ട്-ടൈം-അഡ്മിനിസ്ട്രേറ്ററെ നിയമിക്കുകയും തുടർന്ന് ജോയിന്റ് രജിസ്ട്രാറുടെ 14.03.2024 ലെ സി.ആർ.പി (1) 7788/2017 നമ്പർ ഉത്തരവ് പ്രകാരം മൂന്ന് അംഗ അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയെ നിയമിച്ച് 15.03.2024 മുതൽ അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി ഭരണ ചുമതല നിർവ്വഹിച്ചു വരികയും ചെയ്യുന്നു.<br><br>കണ്ടല സർവ്വീസ് സഹകരണ ബാങ്കിൽ നിന്ന് നിക്ഷേപം തിരികെ നൽകുന്നതിനായി മുൻഗണനാ മാനദണ്ഡങ്ങൾ നിശ്ചയിച്ചും വായ്പ തിരിച്ചടവിലൂടെ ലഭിക്കുന്ന തുകകൾ നിക്ഷേപകർക്ക് ആനുപാതികമായി വിതരണം ചെയ്യുന്നതിനുമായി നിക്ഷേപകരുടെ പ്രതിനിധികൾ ഉൾപ്പെടുന്ന കമ്മിറ്റി രൂപീകരിച്ച് ജോയിന്റ് രജിസ്ട്രാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ടി ഉത്തരവ് പ്രകാരം കമ്മിറ്റി യോഗം ചേർന്ന് അപേക്ഷകൾ പരിശോധിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ മുൻഗണന ക്രമത്തിൽ കമ്മിറ്റി അംഗീകരിച്ച് പ്രസിദ്ധീകരിക്കുന്ന പട്ടിക പ്രകാരം നിക്ഷേപകർക്ക് തുക വിതരണം ചെയ്തുവരുന്നു. ഇപ്രകാരം 01.09.2023 മുതൽ 31.12.2025 വരെയുള്ള കാലയളവിൽ 2,732 നിക്ഷേപകർക്ക് 35,54,93,025/- രൂപ തിരികെ നൽകിയിട്ടുണ്ട്.<br><br>നിക്ഷേപർക്ക് നിക്ഷേപ തുക മടക്കി നൽകുന്നതിനുള്ള നടപടികളുടെ ഭാഗമായി കേരള ബാങ്കിൽ നിന്നും |

| | | | |
|---|---|---|---|
| | | | മാനേജർ തസ്തികയിലുള്ള ഒരു ഉദ്യോഗസ്ഥനെ കണ്ടല സഹകരണ ബാങ്കിൽ സ്പെഷ്യൽ ആഫീസറായി നിയമിച്ചിട്ടുണ്ട്. ടി ഉദ്യോഗസ്ഥന്റെ നേതൃത്വത്തിൽ റിക്കവറി പ്രവർത്തനങ്ങളും ബാങ്കിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങളും നടത്തി വരുന്നു.<br><br>പുനരുദ്ധാരണ പ്രവർത്തനങ്ങളുടെ ഭാഗമായി ബാങ്കിൽ സ്വർണ്ണപ്പണയ വായ്പ പദ്ധതി പുനരാരംഭിച്ചിട്ടുണ്ട്.<br><br>ടി ബാങ്കിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങളുടെ ഭാഗമായി ആർബിട്രേഷൻ, എക്സിക്യൂഷൻ നടപടികൾ വേഗത്തിലാക്കുന്നതിന് ഒരു ഇൻസ്പെക്ടറുടെ സേവനം ബാങ്കിന് സൗജന്യമായി ലഭ്യമാക്കിയിട്ടുണ്ട്. ബാങ്ക് ഫയൽ ചെയ്തിട്ടുള്ള 10,60,86,231/- രൂപയുടെ 232 എക്സിക്യൂഷൻ പെറ്റീഷനുകളും 2,64,44,325/- രൂപയുടെ 26 ആർബിട്രേഷൻ കേസുകളും നടപടികളുടെ വിവിധ ഘട്ടങ്ങളിലാണ്.<br><br>കണ്ടല സർവ്വീസ് സഹകരണ ബാങ്കിൽ ഉണ്ടായിട്ടുള്ള സാമ്പത്തിക ക്രമക്കേടുകളിലൂടെ ബാങ്കിന് നഷ്ടപ്പെട്ട തുകകൾ ഉത്തരവാദികളായ മുൻഭരണസമിതി അംഗങ്ങളും ജീവനക്കാരുമായിരുന്ന 21 പേരിൽ നിന്നും പലിശ സഹിതം 95,26,20,627.34/- രൂപ ഈടാക്കുന്നതിനായി തിരുവനന്തപുരം ജോയിന്റ് രജിസ്ട്രാർ (ജനറൽ) ന്റെ 31.12.2025 ലെ JRGTVM/4897/2024-CRP(1) നമ്പർ ഉത്തരവ് പ്രകാരം സഹകരണ നിയമം വകുപ്പ് 68(2) സർചാർജ്ജ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. സർചാർജ്ജ് ചെയ്യപ്പെട്ട കക്ഷികൾ ടി ഉത്തരവ് കൈപ്പറ്റി 60 ദിവസങ്ങൾക്കുള്ളിൽ സർചാർജ്ജ് ചെയ്ത തുകകൾ കണ്ടല സർവ്വീസ് സഹകരണ ബാങ്കിൽ അടയ്ക്കുന്നതിനാണ് നിർദ്ദേശിച്ചിട്ടുള്ളത്. അല്ലാത്ത പക്ഷം സർചാർജ്ജ് ചെയ്യപ്പെട്ട മേൽ വ്യക്തികളുടെ സ്ഥാവര ജംഗമ വസ്തുക്കളിൽ നിന്നും മരണപ്പെട്ട കക്ഷികളുടെ നിയമാനുസൃത അവകാശികളിൽ നിന്നും ടി തുക ഈടാക്കി എടുക്കുന്നതിന് നിയമാനുസൃത തുടർ നടപടികൾ സ്വീകരിക്കുന്നതിനും ടി ഉത്തരവിൽ നിർദ്ദേശിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ